©
കേരള സർക്കാർ
Government of Kerala
2020

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 9<br>Vol. IX | തിരുവനന്തപുരം, ശനി<br>Thiruvananthapuram, Saturday | 2020 മാർച്ച് 07<br>07th March 2020<br>1195 കുംഭം 23<br>23th Kumbham 1195<br>1941 ഫാൽഗുനം 17<br>17th Phalguna 1941 | നമ്പർ<br>No. | 822 |

## കേരള സർക്കാർ

### തദ്ദേശസ്വയംഭരണ (ഇ. എം.) വകുപ്പ്

### വിജ്ഞാപനം

സ. ഉ. (അച്ചടി) നമ്പർ 27/2020/ത.സ്വ.ഭ.വ. *തിരുവനന്തപുരം, 2020 മാർച്ച് 5.*

**എസ്. ആർ. ഒ. നമ്പർ 190/2020**

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് (1994-ലെ 13) 10-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് കേരള സർക്കാർ 2019 നവംബർ 2-ാം തീയതിയിലെ സ.ഉ. (അച്ചടി) 79/2019/ത.സ്വ.ഭ.വ. നമ്പരായി പുറപ്പെടുവിച്ചതും 2019 നവംബർ 7-ാം തീയതിയിലെ 2680-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 825/2019 ആയി പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപനപ്രകാരം രൂപീകരിക്കപ്പെട്ട ഡീലിമിറ്റേഷൻ കമ്മീഷനിലെ അംഗമായ ശ്രീ. സഞ്ജയ് ഗാർഗ്, പ്രിൻസിപ്പൽ സെക്രട്ടറി, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്-ന് പകരം വിനോദസഞ്ചാര വകുപ്പ് സെക്രട്ടറി

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ശ്രീമതി റാണി ജോർജ്-നെ അംഗമായി ഉൾപ്പെടുത്തിക്കൊണ്ട് പ്രസ്തുത വിജ്ഞാപനം താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യുന്നു, അതായത്:—

## ഭേദഗതി

പ്രസ്തുത വിജ്ഞാപനത്തിലെ പട്ടികയിലെ ക്രമനമ്പർ 3-ന് എതിരെയുള്ള ഉൾക്കുറിപ്പുകൾക്ക് പകരം താഴെപ്പറയുന്ന ഉൾക്കുറിപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"ശ്രീമതി റാണി ജോർജ് .. അംഗം"
സെക്രട്ടറി,
വിനോദസഞ്ചാര വകുപ്പ്

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

**ആർ. എസ്. കണ്ണൻ,**
*സ്പെഷ്യൽ സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വ്യക്തമാക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ (1994-ലെ 13) 10-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സർക്കാർ, 2020-ൽ സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് നടത്തേണ്ട പൊതു തിരഞ്ഞെടുപ്പിന് മുന്നോടിയായി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വാർഡുകളുടെയും ഡിവിഷനുകളുടെയും വിഭജനവും അതിർത്തി നിർണ്ണയവും നടത്തുന്നതിന് ഡീലിമിറ്റേഷൻ കമ്മീഷൻ രൂപീകരിച്ചുകൊണ്ട് 2019 നവംബർ 2-ാം തീയതിയിലെ സ.ഉ. (അച്ചടി) നമ്പർ 79/2019/ത.സ്വ.ഭ.വ. പ്രകാരം ഉത്തരവാകുകയും ആയത് 2019 നവംബർ 7-ാം തീയതിയിലെ 2680-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 825/2019 ആയി പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു. പ്രസ്തുത ഡീലിമിറ്റേഷൻ കമ്മീഷനിലെ അംഗമായ, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ആയിരുന്ന ശ്രീ. സഞ്ജയ് ഗാർഗ്-ന് ന്യൂഡൽഹിയിലെ കേരള ഹൗസിൽ റസിഡന്റ് കമ്മീഷണർ ആയി നിയമനം നൽകിയതിനാൽ പ്രസ്തുത സ്ഥാനത്തേക്ക് വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയായ ശ്രീമതി റാണി ജോർജ്-നെ പകരം നിയമിക്കുവാൻ സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESS
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2020.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by PRADEEP.V.S
Date:2020.03.07 07:14:04 +05:30